# പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 159** **10.03.2020-ൽ മറുപടിക്ക്**

## ക്രമസമാധാന പാലനം

**ചോദ്യം**

ശ്രീ.കെ.വി.വിജയദാസ്
ശ്രീ.ജെയിംസ് മാത്യു
ശ്രീ.കെ. ദാസൻ
ശ്രീ.ബി.സത്യൻ

**ഉത്തരം**

പിണറായി വിജയൻ
(മുഖ്യമന്ത്രി)

(എ) ഈ സർക്കാർ അധികാരത്തിലെത്തി ക്രമസമാധാനപാലനത്തിൽ കാര്യക്ഷമമായ പ്രവർത്തനം നടത്തിയതിനെത്തുടർന്ന് ഓരോ വർഷവും ഐ.പി.സി. കേസുകൾ ക്രമാനുഗതമായി കുറഞ്ഞ് കേസുകളുടെ എണ്ണത്തിൽ മൂന്നിലൊരു ഭാഗം കുറവു വരുത്താൻ സാധ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ക്രമസമാധാന രംഗത്ത് മികച്ച പ്രവർത്തനമാണ് ആഭ്യന്തര വകുപ്പ് കാഴ്ചവെച്ചിരിക്കുന്നത്. തൽഫലമായി ഓരോ വർഷവും ഐ.പി.സി കേസുകളുടെ എണ്ണത്തിൽ ക്രമാനുഗതമായ കുറവ് രേഖപ്പെടുത്തിയതായി കാണുവാൻ കഴിയും. കഴിഞ്ഞ നാലുവർഷത്തെ ഐ.പി.സി കേസുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| വർഷം | കേസുകളുടെ എണ്ണം |
|---|---|
| 2016 | 260097 |
| 2017 | 235846 |
| 2018 | 186958 |
| 2019 | 176017 |

(ബി) കർശന നിരീക്ഷണമില്ലെന്ന തോന്നൽ, ഇതര സംസ്ഥാന തൊഴിലാളികളിൽ കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ട് കടന്നുകളയാനുള്ള പ്രവണത വർദ്ധിപ്പിക്കുമെന്നത് പരിഗണിച്ച് ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിക്കാൻ കഴിയുമെന്ന് പരിശോധിക്കാമോ;

(ബി) തൊഴിലിനായി എത്തുന്ന അതിഥി തൊഴിലാളികളുടെ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡും വ്യക്തിഗത വിവരങ്ങളും തൊഴിലുടമയുടെ വിവരങ്ങളും നിലവിൽ എല്ലാ പൊലീസ് സ്റ്റേഷനുകളിലും പ്രത്യേകം രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുവാൻ നിർദേശം നൽകിയിട്ടുണ്ട് പോലീസ് ഉദ്യോഗസ്ഥരെ ബീറ്റ് ഡ്യൂട്ടിക്കായി നിയോഗിച്ച് ഇവരുടെ താമസ സ്ഥലത്തും, തൊഴിലിടങ്ങളിലും ശക്തമായ

നിരീക്ഷണവും പരിശോധനകളും നടത്തി വരുന്നുണ്ട്. കൂടാതെ വിവരങ്ങൾ ശേഖരിക്കുന്നതിനായി e-Rekha എന്ന മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ചു വരുന്നു.

(സി) ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം പോലീസിന്റെ അംഗബലം വർദ്ധിപ്പിക്കുന്നതിനും ക്രമസമാധാന പാലനത്തിൽ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ചെയ്ത കാര്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പോലീസിന്റെ അംഗബലം ഘട്ടംഘട്ടമായി വർധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നാളിതുവരെ 3967 സ്ഥിരം തസ്തികകളും 240 താൽക്കാലിക തസ്തികകളും പുതുതായി സൃഷ്ടിച്ചിട്ടുണ്ട്. പോലീസ് സേനയിലെ നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 24/02/2020 വരെയുള്ള കണക്കനുസരിച്ച് പോലീസ് കോൺസ്റ്റബിൾമാരുടെ നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്ന് ഉള്ള 2252 പേർ ഉൾപ്പെടെ ആകെ 2330 പേരുടെ പരിശീലനം സംസ്ഥാനത്ത് നടന്നുവരുന്നു. ക്രമസമാധാന പാലനത്തിൽ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി ഇൻസ്പെക്ടർമാരെ നിയമിക്കുകയും, സ്റ്റേഷന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുകയും, ശാസ്ത്രീയ കുറ്റാന്വേഷണ രീതികൾ അവലംബിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനുപുറമെ വ്യവസായസംരക്ഷണ സേനയിൽ രണ്ടു ഘട്ടങ്ങളിലായി 2000 തസ്തികകൾ സൃഷ്ടിച്ച് നേരിട്ടുള്ള നിയമനത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ